# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെല്ലാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്സ്. എ. ഇ. കെ. എം (പി3)518/21
തീയതി 31.03.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 31/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെല്ലാനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്സ്. എ. ഇ. കെ. എം (പി3)518/21 തീയ്യതി: 31/03/2021
തീയതി 31.03.2021

## എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ കെ വിനോദ് | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-03-2021 | 29-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ കെ എം പ്രശോഭൻ, ഓഡിറ്റ് ഓഫീസർ
ശ്രീ റഷീദ് സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി മെഴ്സി.കെ പി,സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മേഴ്സി ജോസി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| പി പി ഷീല | സെക്രട്ടറി | 01-04-2019 | 02-06-2019 |
| ജയ സി ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-06-2019 | 09-06-2019 |
| രശ്മി മോൾ പി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-06-2019 | 02-07-2019 |
| പി പി ഷീല | സെക്രട്ടറി | 03-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സലീം കെ എച്ച് | അസി:എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ ശ്രീലക്ഷ്മി പി എം | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഷീജ കെ എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| അനുശ്രീ പ്രകാശ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| എയ്ജൽ ജിൻസി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 07-11-2019 |
| ആശ ബെറ്റ്സി | ഐ സി ഡി എസ് സൂപ്പർവൈസർ | 08-11-2019 | 31-03-2020 |
| ഹരിത എച്ച് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ജിബിന എം എം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ഷീജ | മെഡിക്കൽ ഓഫീസർ,സി എച്ച് സി | 01-04-2019 | 31-03-2020 |
| രാജേശ്വരി കെ.വി. | വി.ഇ.ഒ., കാട്ടിപ്പറമ്പ് | 01-04-2019 | 17-09-2019 |
| മരിയ റോസി ഫിബി | വി.ഇ.ഒ., കാട്ടിപ്പറമ്പ് | 18-09-2019 | 31-03-2020 |
| സാദിക് എ. | വി.ഇ.ഒ., കണ്ണമാലി | 01-04-2019 | 17-09-2019 |
| ദേവദാസ് ഡി.എൻ. | വി.ഇ.ഒ., കണ്ണമാലി | 18-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| ടെസ് ടെറിറ്റ മേരി | വി.ഇ.ഒ. കണ്ടക്കടവ് | 01-04-2019 | 17-09-2019 |
| നീതു കെ. വിദ്യൻ | വി.ഇ.ഒ., കണ്ടക്കടവ് | 18-09-2019 | 31-03-2020 |
| സാദിക് എ. | വി.ഇ.ഒ. ചെല്ലാനം(അധിക ചുമതല) | 01-04-2019 | 24-09-2019 |
| പ്രഗദ് വി. പ്രഭാകർ | വി.ഇ.ഒ., ചെല്ലാനം | 25-09-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-1 |
| 2 | ബജറ്റ് മാനവൽ നിർദ്ദേശങ്ങൾ പാലിക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം ( രസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-3 |
| 5 | ഫണ്ടുവിനിയോഗം<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Prasobhan.K.M (Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-6 |
| 8 | ക്ഷേമ പെൻഷനുകൾ<br>Written By: Mercy KP (Auditor, On 26-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Mercy KP (Auditor, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-10 |
| 12 | ഗ്രാമസഭകൾ - നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല – ജനപങ്കാളിത്തം കുറയുന്നു.<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-11 |
| 13 | ദുരിതാശ്വാസ നിധി - പ്രവർത്തന രഹിതം<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-12 |
| 14 | ഓഡിറ്റ് ഇംപാക്ട്<br>Written By: Mercy KP (Auditor, On 26-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-13 |
| 15 | ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഊടാക്കുന്നില്ല<br>Written By: Mercy KP (Auditor, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-14 |
| 16 | വാടക - ബൈലോ, കരാർ ഇല്ല- പിരിവ് അപൂർണ്ണം<br>Written By: Mercy KP (Auditor, On 25-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-15 |
| 17 | ടെണ്ടർ കുറവ്, ഐ റ്റി എന്നിവ കുറവ് വരുത്തിയില്ല – 34641 രൂപ അധികം നൽകി | 1-16 |

| | | |
|---|---|---|
| | Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | |
| 18 | കന്നുകാലികൾക്ക് ധാതുലവണമിശ്രിത വിതരണം-അപാകതകൾ.<br>Written By: Prasobhan.K.M (Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-17 |
| 19 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിനു സബ്സിഡി പൂർണ്ണമായി വിതരണം ചെയ്തില്ല<br>Written By: Prasobhan.K.M (Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-18 |
| 20 | മെഡിക്കൽ ഓഫീസർ ആയുർവേദം - സാമ്പത്തിക വർഷാവസാനം പ്രോജക്ട് ആരംഭിച്ചു.. പൂർത്തീകരിക്കാനായില്ല.<br>Written By: Mercy KP (Auditor, On 26-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-19 |
| 21 | രേഖകൾ സൂക്ഷിക്കുന്നതിലെ അപാകത.- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.<br>Written By: Mercy KP (Auditor, On 25-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-20 |
| 22 | പേവിഷബാധ നിയന്ത്രണം അപാകതകൾ<br>Written By: Prasobhan.K.M (Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-21 |
| 23 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ<br>Written By: Mercy KP (Auditor, On 25-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-22 |
| 24 | മെഡിക്കൽ ഓഫീസർ പി.എച്ച്. സി. ചെല്ലാനം നിർവഹണം നടത്തിയ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: Mercy KP (Auditor, On 25-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-23 |
| 25 | മൃഗാശുപത്രിയിലേക്ക് മൈക്രോസ്കോപ്പ് വാങ്ങൽ അപാകതകൾ<br>Written By: Prasobhan.K.M (Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-24 |
| 26 | തുകകൾ മുൻകൂർ നൽകുന്നത് മുൻകൂർ (അഡ്വാൻസ് ) രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-25 |
| 27 | ടെണ്ടർ നടപടിക്ക് പകരം ക്വട്ടേഷൻ നടപടി സ്വീകരിച്ചു.<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-26 |
| 28 | ദുരന്ത നിവാരണം<br>Written By: Prasobhan.K.M (Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-27 |
| 29 | സോളാർ പാനൽ സ്ഥാപിക്കൽ - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-28 |
| 30 | പത്ര പരസ്യം - ഇളവ് ലഭ്യമായില്ല<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-29 |
| 31 | ജി എസ് റ്റി നൽകിയതിൽ അപാകത<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 1-30 |
| | **ഭാഗം 2** | |

--- No Records Found ---

| | | |
|---|---|---|
| | **ഭാഗം 3** | |
| 1 | ടെണ്ടർ കുറവ്, ഐ റ്റി എന്നിവ കുറവ് വരുത്തിയില്ല – 34641 രൂപ അധികം നൽകി<br>Written By: C.M.Rasheed (Asst. Audit Officer, On 29-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mercy KP (Auditor, On 29-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 29-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 29-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 27-03-2021)<br>Last Updated By: Siji (Computer Assistant, On 31-03-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ ബജറ്റ് 1.03.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 18-03-2020ൽ (3) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം

| | ബജറ്റ് (റിവൈസ്ഡ്) |
|---|---|
| മുന്നിരിപ്പ് | 1,23,80,687.00 |
| വരവ് | 22,97,01,238.00 |
| ആകെ | 24,20,81,925.00 |
| ചെലവ് | 23,74,97,150.00 |
| നീക്കിയിരിപ്പ് | 45,84,775.00 |

### 1-1-1 ബജറ്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കണം

ബജറ്റ് രൂപീകരണം പാലിക്കേണ്ട നടപടി / സമയക്രമങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 175(1) പ്രകാരം പഞ്ചായത്ത് ഓരോ വർഷാവസാനത്തിന് മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തീയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി /സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 19-20 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ബജറ്റ് രൂപീകരണം സംബന്ധിച്ച് പാലിക്കേണ്ട നടപടി /സമയക്രമങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടി | നടപ്പാക്കേണ്ട തീയതി | നടപ്പാക്കിയ തീയതി |
|---|---|---|
| ഘടകസ്ഥാപനമേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് | വിവരം ലഭ്യമല്ല |
| ഘടകസ്ഥാപനങ്ങൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനവരി 15 ന് മുൻപ് | 10.1.19,15.1.19,18.1.19 |
| സ്റ്റാന്റിംഗ് കമ്മറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ച ചെയ്യേണ്ടത് | ജനവരി 22 ന് മുൻപ് | 18.2.2019 |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1 ന് മുൻപ് | 16.1.19 (വികസന കാര്യം) |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പദ്ധതി - പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് | 28.2.2019 |

| | | |
|---|---|---|
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗം പ്രസിഡന്റ് വിളിച്ചു ചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് | മിനറ്റ്സ് രേഖപ്പെടുത്തൽ ഇല്ല |
| ബജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് | 1.3.2019 |

പരാമർശങ്ങൾ

1.ഘടക സ്ഥാപനമേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും

ഘടകസ്ഥാപനമേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തതിന്റെ വിവരം ലഭ്യമല്ല. എന്നാൽ ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളിൽ ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരായ വെറ്ററിനറി സർജൻ 10.01.2019ലും, കൃഷി ഓഫീസർ 15.01.1ലും, ഹോമിയോ മെഡിക്കൽ ഓഫീസർ 18.01.2019ലും, മെഡിക്കൽ ഓഫീസർ 10.01.2019 ലും, ഐ. സി. ഡി. എസ്. സൂപ്പർവൈസർ 10.01.2019ലും അനക്സർ (1) ൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആയുർവേദ മെഡിക്കൽ ഓഫീസർ, ഫിഷറീസ് ഇൻസ്പെക്ടർ എന്നിവർ പ്രൊപ്പോസൽ സമർപ്പിച്ചതായി കാണുന്നില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ഫെബ്രുവരി 1 ന് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണെങ്കിലും 12.2.2019 ലാണ് സ്റ്റാന്റിംഗ് കമ്മറ്റികൾ നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്.

2.ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഓഡിറ്റ് വർഷം 13 മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ഓരോ മാസവും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം ചേർന്ന് വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട് ചർച്ചകളോ വിലയിരുത്തലുകളോ നടത്തുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 11.02.2019 തീയതിയിൽ തന്നെ ബജററ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ പ്രീ ബജറ്റ് മീറ്റിംഗ് നടത്തി വിവിധ സ്ഥാപനങ്ങളുടെ വരുമാനവും ചെലവും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ഇത് ഉൾക്കൊണ്ടുകൊണ്ട് തന്നെ ബജറ്റ് തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 12.02.2019 തീയതിയിൽ തന്നെ ബജററ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ ഘടക സ്ഥാപനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ട് സ്ഥാപനങ്ങളുടെ വരുമാനവും ചെലവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട് എങ്കിലും പ്രീ ബജറ്റ് മീറ്റിംഗ് നടത്തിയതായി കാണുന്നില്ല. സ്ഥാപനത്തിന്റെ വാർഷിക പദ്ധതിക്ക് നം 61139/20/DPC/DPO/EKM തീ 10/8/2020പ്രകാരം അംഗീകാരം ലഭ്യമായിട്ടുണ്ട്. വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ട ബജറ്റിന്റെ വാർഷിക അവലോകനം (ഖണ്ഡിക 4.5) നടത്തിയതായി കാണുന്നില്ല. എന്നാൽ 11.02.2020 ന് ബജറ്റ് പുതുക്കുന്നതിന് യോഗം ചേരുകയും വിശദമായ ചർച്ചകൾ നടത്തി ബജറ്റ് പുതുക്കുകയും ചെയ്തിട്ടുണ്ട്.

4. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

5. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. സാംഖ്യ അക്രൂവൽ അടിസ്ഥാനത്തിലും ബജറ്റ് സിംഗിൾ എൻട്രി അടിസ്ഥാനത്തിലും തയ്യാറാക്കുന്നതിനാൽ സാംഖ്യ ബജറ്റ് ലിങ്കിങ്ങിന് സാങ്കേതിക തടസ്സവും ഉണ്ട്.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്.

6.ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക്<br>(രസീത് & പേയ്മെന്റ് പ്രകാരമുള്ള വരവ് +<br>ബി ഫണ്ട്& എൻ ആർ ഇ ജി എസ് ) |
|---|---|---|
| വരവ് | 229701238.00 | 122094445.00 |
| ചെലവ് | 237497150.00 | 137049809.00 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഉദാഹരണമായി വസ്തു നികുതി, കെട്ടിട വാടക, മറ്റ് വാടകകൾ. ഇവ ബജറ്റ് പ്രകാരം യഥാക്രമം 2700000/-, 220000/-, 7500000/- രൂപ വീതവും യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്തിട്ടുള്ളത് 2159330/-, 123144/-, 6063758/- രൂപ വീതവുമാണ്

<u>ബജറ്റ് നിയന്ത്രണം</u>

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിഗ് കമ്മറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ് ചെലവുകളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്ന് ഉറപ്പ് വരുത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് സെക്രട്ടറിയും അക്കൗണ്ടന്റും ഉറപ്പ് വരുത്തേണ്ടതാണ്.

<u>ബജറ്റ് പരിശോധന</u>

പുതിയ വരുമാന മാർഗ്ഗങ്ങളോന്നും കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളോന്നും തൻവർഷം ഉയർന്ന് വന്നതായി കാണുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.പ്ലാൻ - നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിലെ സമയക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2.പ്രതീക്ഷിക്കുന്ന എല്ലാ ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതാണ്.

<u>1-2 വാർഷികധനകാര്യപത്രിക</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 19.05.2020 | - | - |

വാർഷിക കണക്കുകൾ സംബന്ധിച്ച പരിശോധനയിൽ വാർഷിക കണക്കുകളിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം ( രസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | | |
|---|---|---|
| മുന്നിരിപ്പ് | : | 5,02,79,989.83 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 6,81,18,285.00 |
| ആകെ | : | 11,83,98,274.83 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 8,30,73,649.00 |
| നീക്കിയിരിപ്പ് | : | 3,53,24,625.83 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

## 1-4 ഫണ്ടുവിനിയോഗം

| ഗ്രാന്റ് (അക്കൗണ്ട് ഹെഡ്) | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 24168000 | 24168000 | 15036801 | 9131199 | 62.21%വിനിയോഗം. ബാക്കി തുക ലാപ്സായി. |
| വികസനഫണ്ട്-എസ്.സി.പി | | 4538000 | 4538000 | 2834204 | 1703796 | 62.45%വിനിയോഗം. ബാക്കി തുക ലാപ്സായി. |
| വികസനഫണ്ട്-ടി.എസ്.പി | | 146000 | 146000 | 0 | 146000 | 0% വിനിയോഗം. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 17904200 | 17904200 | 7664904 | 102392% | 42.81%വിനിയോഗം. ബാക്കി തുക ലാപ്സായി. |
| മെയിന്റനൻസ്, റോഡ് | | 1031000 | 1031000 | 687400 | 343600 | 66.67%വിനിയോഗം. ബാക്കി തുക ലാപ്സായി. |
| മെയിന്റനൻസ്-റോഡിതരം | | 7034000 | 1031000 | 4218456 | 2815544 | 59.97%വിനിയോഗം |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| 1.എൻ.ആർ. ഇ.ജി.എസ് | 24826 | 25916112 | 25940938 | 25937017 | 3921 | |
| 2.ബി.എസ്.യു.പി | 1863298 | 64187 | 1927485 | 0 | 1927485 | |
| 3.ഐ.സി.ഡി.എസ് | 1267944 | 688532 | 1956476 | 300000 | 1656476 | |
| 4.എൻ.പി. ആർ.പി.ഡി. | 181674 | 174937 | 356611 | 8000 | 348611 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| 1.വിമുക്തി | 37500 | 3000 | 40500 | - | 40500 | |
| 2.കേരളോൽസവം | - | 20000 | 20000 | 20000 | 0 | |
| 3.ശുചിത്വ മിഷൻ | 796400 | - | 796400 | - | 796400 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 147326763 | 119 | 43625966 | 8 | 92 | 54.33% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 24,826 | 11,02,112 | 11,26,938 | 11,23,017 | 3,921 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 2,48,14,000 | 2,48,14,000 | 2,48,14,000 | - |
| ആകെ | 24,826 | 2,59,16,112 | 2,59,40,938 | 2,59,37,017 | 3,921 |

## 1-7 ക്ഷേമ പെൻഷനുകൾ

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 71,160.00 | 76 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 9,68,400.00 | 173 |
| 3 | വിധവ പെൻഷൻ | 65,53,800.00 | 1240 |
| 4 | വാർധക്യകാല പെൻഷൻ | 1,85,40,600.00 | 4180 |
| 5 | വികലാംഗ പെൻഷൻ | 19,10,400.00 | 352 |
| 6 | വിവാഹ ധനസഹായം | 1,20,000.00 | 4 |
| 7 | വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9,97,800.00 | 192 |
| | ആകെ | 2,91,62,160.00 | 6217 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.03.2021 ഉച്ചകഴിഞ്ഞ് 3 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 56783/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിന്റെ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1)ലൈസൻസ്

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടില്ല. ആയത് സംബന്ധിച്ച പരാമർശത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

2)ഡിമാന്റ് രജിസ്റ്ററുകൾ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ പിരിവ് 100% ആണ്.

3)ഓഫീസ് പ്രവർത്തനാവലോകനം

ഓഫീസ് മീറ്റിംഗുകൾ മിക്കവാറും കൃത്യമായ ഇടവേളകളിൽ കൂടി ഓഫീസ് പ്രവർത്തനാവലോകനം നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ സെക്ഷനിലേയ്ക്ക് നല്കുന്നുണ്ടെങ്കിലും ജീവനക്കാർ പേഴ്സണൽ രജിസ്ററർ എഴുതുന്നില്ല എന്നതിനാൽ ലഭിച്ച തപാലുകൾ തീർപ്പാക്കിയോ എന്നറിയാൻ സാധ്യമല്ല. തപാലുകളുടെ തുടർനടപടികളുടെ കൃത്യതയും, സുതാര്യതയും ഉറപ്പാക്കാൻ സൂചിക എന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നുണ്ട്.

4) മോണിട്ടറിങ്ങ് .

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2021 | 01.10.2020മുതൽ 31.12.2020 വരെ | 3.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2004-05മുതൽ 2018-19 വരെ | 27.09.2018 |

1-11 ഗ്രാമസഭകൾ - നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല – ജനപങ്കാളിത്തം കുറയുന്നു.

അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ വോട്ടവകാശമുള്ള മുഴുവനാളുകൾക്കും ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കെടുക്കാനും അധികാരം പ്രയോഗിക്കുവാനും കഴിയുന്ന ഒരു വേദിയാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ. എന്നാൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി പ്രവർത്തനങ്ങളിലോ ഭരണ നിർവ്വഹണങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഗ്രാമസഭകൾ ഇപ്രകാരം മാറിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളുടെ ഓഡിറ്റ് വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല:

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 21

വാർഡുകളിലെ ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019 - 2020 വർഷം ഗ്രാമസഭ യോഗം ചേർന്നതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 സെപ്റ്റമ്പർ | 1. 2019-20 വാർഷിക പദ്ധതിയിലെ അധിക ഗുണഭോക്താക്കലെ സാധൂകരിക്കൽ<br>2. ആരോഗ്യ സുരക്ഷാ പ്രവർത്തനങ്ങൾ<br>3.2018-19 ലെ വാർഷിക കണക്കുകൾ അവതരിപ്പിക്കൽ<br>4.എം എൻ ആർ ഇ ജി എസ് സോഷ്യൽ ഓഡിറ്റ് |
| 2 | 2020 ജനുവരി | 1. 2020-21പദ്ധതി കരട് നിർദ്ദേശങ്ങൾ അംഗികരിക്കൽ<br>2. വിമുക്തി, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>3. പി എം എ വൈ ( ജി) - ആവാസ് പ്ലസ് - ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ<br>4. എസ് സി ഭൂരഹിതരുടെ ലിസ്റ്റ് അംഗീകരിക്കൽ |

<u>ഗ്രാമസഭയുടെ എല്ലാ അധികാരങ്ങളും ചുമതലകളും നിറവേറ്റപ്പെടുന്നില്ല :</u>

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ പ്രകാരം ഗ്രാമസഭയ്ക്ക് 19 അധികാരങ്ങളും ചുമതലകളും നിറവേറ്റുവാനുണ്ട്. എന്നാൽ ഇതിൽ ആദ്യത്തെ 3 ചുമതലകൾ മാത്രമാണ് ഗ്രാമസഭകൾ നിർവഹിക്കുന്നതായി ഗ്രാമസഭ യോഗ മിനുട്ട്സ് വെളിപ്പെടുത്തുന്നുള്ളൂ. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3ബി(2) പ്രകാരം 3എ വകുപ്പിൽ പരാമർശിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ച് കാലാകാലമുള്ള റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്തിന് നൽകേണ്ട ഉത്തവാദിത്വവും നിറവേറ്റപ്പെടുന്നില്ല.

<u>ഗ്രാമസഭയുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റപ്പെടുന്നില്ല:</u>

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3ബി വകുപ്പ് പ്രകാരം 8 ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടതുണ്ട്. എന്നാൽ ഇവയൊന്നും തന്നെ നിറവേറ്റപ്പെടുന്നതായുള്ള വിവരങ്ങൾ ഗ്രാമസഭായോഗ മിനുട്ട്സിൽ കാണുന്നില്ല. ഇവ വിലയിരുത്തുന്നതിനായി പ്രത്യേക അജണ്ട ഗ്രാമസഭാ യോഗങ്ങളിൽ ഉൾപ്പെടുത്തുന്നുമില്ല.

<u>ജനപങ്കാളിത്തം കുറയുന്ന ഗ്രാമസഭകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ (4) വകുപ്പ് പ്രകാരം ഗ്രാമസഭയുടെ ക്വാറം സമ്മതിദായകരുടെ എണ്ണത്തിന്റെ 10% ആയി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ക്വാറം തികയാതെ മാറ്റിവയ്ക്കപ്പെടുന്ന യോഗങ്ങൾ വീണ്ടും കൂടുമ്പോൾ അതിന്റെ ക്വാറം അൻപത് ആയിരിക്കും. ഗ്രാമപഞ്ചായത്തിൽ ക്വാറം കൃത്യം തികയുന്ന രീതിയിലാണ് ഗ്രാമസഭകൾ കൂടിയിട്ടുള്ളത്. ഗ്രാമസഭകളിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമസഭകൾ എടുക്കുന്ന തീരുമാനങ്ങൾ ഏതെല്ലാം നടപ്പിലാക്കി എന്നും ഏതെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നും ആയതിന്റെ കാരണമെന്തെന്നും ഗ്രാമസഭയെ ബോധിപ്പിക്കേണ്ട പഞ്ചായത്തിന്റെ നിയപരമായ ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നില്ല. ഇത് ജനങ്ങളെ ഗ്രാമസഭകളിൽ നിന്നും അകറ്റി നിർത്തുന്നതിന് കാരണമാകുന്നുണ്ട്. തങ്ങൾ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കപ്പെട്ടു എന്നറിയുമ്പോൾ, നടപ്പിലായില്ലെങ്കിൽ ആയതിന്റെ കാരണം ബോദ്ധ്യപ്പെടുമ്പോൾ, ഗ്രാമസഭകളിലുള്ള വിശ്വാസവും ചുമതലയും ജനങ്ങളിൽ വർദ്ധിക്കുന്നതിന് കാരണമാകും.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ

എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 ദുരിതാശ്വാസ നിധി - പ്രവർത്തന രഹിതം

പ്രകൃതിക്ഷോഭം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് ദുരിതനിവാരണത്തിന് അടിയന്തിര ധനസഹായം നല്കുന്നതിനായി പണം സൂക്ഷിക്കുന്നതിന് വേണ്ടിയാണ് 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ സർക്കാർ എസ് ആർ ഒ നം. 162/2003 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. പഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ ബാങ്കിൽ 255907 നമ്പർ പ്രകാരം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 2019-20 വർഷത്തെ അക്കൗണ്ടിലെ മുന്നിരിപ്പ് 1037/- രൂപയും നീക്കിയിരിപ്പ് 1073/- രൂപയുമാണ്. പലിശയിനത്തിൽ ലഭിച്ച 37/- രൂപയാണ് ആകെ വരവ്. ഓഡിറ്റ് വർഷം ചെലവ് ഒന്നുമില്ല. ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. അപ്രകാരം ധനം സ്വരൂപിക്കുന്നതിന് നിർബന്ധങ്ങൾ ചെലുത്തുകയോ അധികാരദുർവിനിയോഗം ചെയ്യുകയോ പഞ്ചായത്തിന് ലഭിക്കേണ്ട ഏതെങ്കിലും വരുമാനം ഇല്ലാതാക്കുകയോ ചെയ്യാൻ പാടുള്ളതല്ല. നിധിയിലേക്ക് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽ നിന്നോ സർക്കാരിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽ നിന്നോ തുക കൈമാറ്റം ചെയ്യാനും പാടില്ല. നിധിയിലേക്ക് നല്കുന്ന സംഭാവനകൾക്ക് സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പിട്ട രസീത് നല്കേണ്ടതും അത് അച്ചടിച്ച ഫോറത്തിലായിരിക്കേണ്ടതുമാണ്. ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൻമേൽ ഒരു സബ് കമ്മിറ്റി ആവശ്യമായ അന്വേഷണം നടത്തിയതിനു ശേഷം നിധിയിൽ നിന്ന് തുക പിൻവലിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ ഒരു ക്യാഷ് ബുക്കിൽ എഴുതേണ്ടതും ലഭിക്കുന്ന അപേക്ഷകളുടെ വിവരം, അനുവദിച്ച ധനസഹായം എന്നിവ രേഖപ്പെടുത്താൻ ഒരു രജിസ്റ്ററും അന്വേഷണം നടത്തുന്ന സബ് കമ്മിറ്റിയുടെ യോഗനടപടികളുടെ മിനിറ്റ്സ് രേഖപ്പെടുത്താൻ ഒരു മിനിറ്റ്സ് പുസ്തകവും സൂക്ഷിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും ഗ്രാമപഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേര് വിവരങ്ങളും തുകയും മറ്റ് കണക്കുകളും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ് .

## 1-13 ഓഡിറ്റ് ഇംപാക്ട്

രസീത് പണം അടവിൽ കുറവ് കണ്ടെത്തിയ 119/- രൂപ (ഓഡിറ്റ് എൻക്വയറി നമ്പർ 2/20.03.21 ) 26.03.2021 ൽ രസീത് നം. 120010103712 പ്രകാരം അടവാക്കി. സാംഖ്യ സഞ്ചയ ഇൻറഗ്രേഷൻ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതിനാൽ ആണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത് എന്നതിനാൽ സാങ്കേതികതയിലെ അപാകതകൾ ഒഴിവാക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

## 1-14 ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ ലൈസൻസ് സംബന്ധിച്ച 31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ്

അപേക്ഷകൾ പരിശോധിച്ചതിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നതായാണ് കാണുന്നത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെയും ധനകാര്യസ്റ്റാൻഡിംങ് കമ്മിററിയുടെയും അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-15 വാടക - ബൈലോ, കരാർ ഇല്ല- പിരിവ് അപൂർണ്ണം

2019-20 കാലയളവിൽ ചെല്ലാനം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കടമുറികളുടെ വാടക ലഭിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദവിവരം താഴെചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കടമുറി | അടയ്ക്കേണ്ട തുക | അടവാക്കിയ തുക | ബാക്കി |
|---|---|---|---|---|---|
| 1. | കെ. എസ്.ഫ്രാൻസിസ്, കല്ലുവീട്ടിൽ. | ചെറിയകടവ് മാർക്കറ്റിംഗ് സെൻറർ റൂം നം. 4 | 1936 X 12= 23232.00 | 1936 X 3= 5808.00 | 17424.00 |
| 2. | ടി. ഡി. നെൽസൺ, തയ്യിൽ വീട്. | ഗൊണ്ടുപറമ്പ് മാർക്കറ്റിംഗ് ഫിഷ് സ്റ്റാൾ | 30000.00 (വാർഷിക വാടക) | 17500.00 | 12500.00 |
| | ആകെ | | | | 29,924.00 |

മേൽ തുകകൾ പലിശ സഹിതം ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 23.03.21 ൽ ഓഡിറ്റ് എൻക്വയറി നം. 5 നൽകിയിരുന്നു. കൂടാതെ ആകെ കടമുറികൾ എത്ര, 2018/19 ൽ വാടകയ്ക്ക് കൊടുത്തിരുന്ന ആകെ 7കടമുറികളിൽ 2 എണ്ണം ഈവർഷം വാടകയ്ക്ക് കൊടുക്കാത്തതിൻറെ കാരണം, കടമുറിയുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടുണ്ടോ, വാടകക്കാരുമായി കരാർ വച്ചിട്ടുണ്ടോ, എല്ലാമാസവും ഏതു തീയതിയിലാണ് വാടക അടക്കേണ്ടത്, വീഴ്ച വരുത്തുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്, വാടകക്കാരിൽനിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങിയിട്ടുണ്ടോ, എന്നീ വിവരങ്ങളും ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ 2017-18 ൽ 10301/- രൂപ വാർഷിക വാടക ലഭിച്ചുകൊണ്ടിരുന്ന കണ്ടക്കടവ് മാർക്കറ്റിംഗ് സെൻറർ ഫിഷ്സ്റ്റാൾ, പ്രോജക്ട് നമ്പർ 262/19 – പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2018-19, 2019-20 വർഷങ്ങളിൽ ലേലം ചെയ്യാതെ ഒഴിവാക്കിയിട്ടിരിക്കുകയാണ്. എന്നാൽ പ്രോജക്ട് പ്രകാരം വിഭാവനം ചെയ്ത പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിൻറ പ്രവർത്തനം നടപ്പിലാക്കിയിട്ടുമില്ല. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനായി 36,139/- രൂപ Ch No 139367/ 30.03.2020 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

വാടക സംബന്ധിച്ച് മേൽ വിഷയങ്ങളിലേക്ക് പഞ്ചായത്തു കമ്മിറ്റിയുടെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ഭാഗം രണ്ടിൽ ചേർത്തിട്ടുണ്ട്.

## 1-16 ടെണ്ടർ കുറവ്, ഐ റ്റി എന്നിവ കുറവ് വരുത്തിയില്ല – 34641 രൂപ അധികം നൽകി

പഞ്ചായത്ത് നടപ്പാക്കിയ വിവിധ വൈദ്യുതീകരണ പ്രൊജക്ടുകളുടെ ബില്ലിൽ നിന്ന് ടെണ്ടർ കുറവ്, ഐ റ്റി എന്നിവ കുറവ് വരുത്തിയതായി കാണുന്നില്ല. പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം | S0296/20 | S0297/20 |
|---|---|---|
| പ്രൊജക്ടിന്റെ പേര് | അംഗൻവാടികളുടേയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടേയും വൈദ്യുതീകരണം | ചെല്ലാനം പി എച്ച് സി 3 ഫേസ് ആക്കുന്നതിനുള്ള വൈദ്യുതീകരണം |
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം - 300000/- | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം 82000/- |
| ചെലവ് | 77818 | - |
| നിർവ്വഹണ | സെക്രട്ടറി | |

| ഉദ്യോഗസ്ഥൻ | |
|---|---|

ടെണ്ടർ നോട്ടീസ് നം A1-7614/19/25.01.2020 ന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് (9.8% എസ്റ്റിമേറ്റിനേക്കാൾ കുറവ്) രേഖപ്പെടുത്തിയ ശ്രീ ജേക്കബ് സാബുവിനെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയും 15.2.2020 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. പ്രൊജക്ട് നം SO296/20 ന്റെ ഭാഗമായി 5 പ്രവൃത്തികളും പ്രൊജക്ട് നം SO297/20 ലെ ഒരു പ്രവൃത്തിയും ഉൾപ്പെടെ 6 പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തികളുടെ എം ബുക്ക്, ബിൽ എന്നിവ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് (9.8%), നിയമാനുസൃതമുള്ള നികുതി ( റ്റി ഡി എസ് 1%) എന്നിവ കുറവ് ചെയ്തിട്ടില്ല. ഇക്കാരണത്താൽ കരാറുകാരന് 34641/- രൂപ അധികം നൽകിയതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു. (ആകെ പ്രവൃത്തി മൂല്യത്തിൽ മേൽ നോട്ട ചുമതലയുള്ള എഞ്ചിനീയർമാരുടെ വേതനം ഉൾപ്പെടാതെയുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| ക്രമ നം | പ്രവൃത്തിയുടെ പേര് | എം ബുക്ക് നം | ആകെ പ്രവൃത്തി മൂല്യം | ടെണ്ടർ കുറവ് വരുത്തേണ്ടത്. | ഐ റ്റി കുറവ് വരുത്തേണ്ടത്. | ആകെ കുറവ് വരുത്തേണ്ടത്. |
|---|---|---|---|---|---|---|
| 1 | 5-ാം വാർഡിലെ അംഗൻവാടിയിൽ വൈദ്യുതീകരണം നം. 34 | IV/19-20 (SEC) | 50284 | 4928 | 503 | 5431 |
| 2 | 5-ാം വാർഡിലെ അംഗൻവാടിയിൽ വൈദ്യുതീകരണം നം.32 | III/19-20 (SEC) | 46361 | 4543 | 464 | 5007 |
| 3 | 3-ാം വാർഡിലെ പുതിയഅംഗൻവാടിയുടെ വൈദ്യുതീകരണം | V/19-20 (SEC) | 56751 | 5562 | 568 | 6130 |
| 4 | 19-ാം വാർഡിലെ PHC സബ് സെന്റർ വൈദ്യുതീകരണം | VI/19-20 (SEC) | 28344 | 2778 | 283 | 3061 |
| 5 | 19-ാം വാർഡിലെ പുതിയ അംഗൻവാടിയുടെ വൈദ്യുതീകരണം നം.52 | IV/19-20 (SEC) | 86542 | 8481 | 865 | 9346 |
| 6 | ചെല്ലാനം PHC യിൽ 3 ഫേസ് ആക്കുന്നതിനുള്ള വൈദ്യുതീകരണം | I/19-20 (SEC) | 52456 | 5141 | 525 | 5666 |
| ആകെ | | | 320738 | 31433 | 3208 | 34641 |

അപാകത സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 22.03.2021 ൽ ഓഡിറ്റ് എൻക്വയറി (നം.3) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കൂടാതെ താഴെ പറയുന്ന രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയതും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1. പ്രൊജക്ട് അംഗീകാരത്തിന്റെ വിവരം

2. കരാറുകാരനെ തിരഞ്ഞെടുത്ത പഞ്ചായത്ത് കമ്മറ്റി തീരുമാനം

3.തുക നൽകിയതിന്റെ വിവരം (ട്രഷറി ബിൽ നം., ഓൺലൈൻ ട്രാൻസാക്ഷൻ വിവരം)

4.മോണിറ്ററിംഗ് റിപ്പോർട്ട്.

അധിക തുക നൽകിയത് കരാറുകാരനിൽ നിന്ന് ഈടാക്കി അതത് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

1-17 കന്നുകാലികൾക്ക് ധാതുലവണമിശ്രിത വിതരണം- അപാകതകൾ.

വെറ്ററിനറി സർജൻ നടപ്പാക്കിയ കന്നുകാലികൾക്ക് ധാതുലവണമിശ്രിത വിതരണം എന്ന ഈ പ്രോജക്ടിൽ ഒരു ഉരുവിന് പരമാവധി 880/- രൂപയ്ക്ക് വരെ ധാതുലവണമിശ്രിതം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് നടത്തിപ്പിനായി വികസന ഫണ്ട് 44000/-രൂപ വകയിരുത്തുകയും ബിൽ നം. 7/18-1-2020 പ്രകാരം 44000/-രൂപ പിൻവലിച്ച് കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും Keramin Organic 400 Kg, Kg ന് 110/- രൂപ വച്ച് വാങ്ങി 50 ഗുണഭോക്താക്കൾക്ക് 8 കിലോ ഗ്രാം വച്ച് വിതരണം ചെയ്യുകയുണ്ടായി. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമ സഭ അംഗീകരിച്ചത് 29പേർ അടങ്ങുന്ന ഗുണഭോക്തൃലിസ്റ്റാണ്. ഇത് 18-2-2019ൽ കൂടിയ പഞ്ചായത്ത് കമ്മറ്റിയുടെ 1/21നിശ്ചയ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് തയ്യാറാക്കിയത് 50 ഗുണഭോക്താക്കളെ നിശ്ചയിച്ചുകൊണ്ടാണ്. ഉള്ള ഗുണഭോക്താക്കളേക്കാൾ കൂടുതൽ എണ്ണം ഉൾപ്പെടുത്തി പ്രോജക്ട് നിശ്ചയിച്ചതിനു വിശദീകരണം നൽകിയില്ല.

2. ഗ്രാമ സഭ അംഗീകരിച്ച 29പേർ അടങ്ങുന്ന ഗുണഭോക്തൃലിസ്റ്റിൽനിന്നും 17 പേർക്ക് മാത്രമാണ് ആനുകൂല്യം വിതരണം ചെയ്തത്. ബാക്കിയുള്ളവർക്ക് ആനുകൂല്യം നൽകാതിരുന്നതിനു വിശദീകരണം നൽകിയില്ല.

3. ഗുണഭോക്തൃലിസ്റ്റിൽ ആവശ്യത്തിനു ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ മൃഗാശുപത്രി വഴി വന്ന ഗുണഭോക്താക്കളെ ഉൾപ്പെടുത്തി തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കണമെന്നു കാണിച്ചുകൊണ്ട് 3-10-2019ൽ വെറ്ററിനറി സർജൻ 36 പേർ അടങ്ങുന്ന ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് കമ്മറ്റിയ്ക്കു വയ്ക്കുകയും 30-10-2019 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റിയുടെ 1/13നിശ്ചയ പ്രകാരം ഇത് അംഗീകരിക്കുകയുമുണ്ടായി. ഇതിൽ ഉൾപ്പെട്ടവരെ ഗ്രാമസഭ അംഗീകരിച്ച രേഖകൾ ഹാജരാക്കിയില്ല. മാത്രമല്ല ഇതിൽ ഉൾപ്പെട്ടിരുന്നവരിൽ മൂന്നു പേരെ ഒഴിവാക്കിയതായി കാണുന്നു. ഏന്ത് അടിസ്ഥാനത്തിലാണ് ഒഴിവാക്കൽ നടത്തിയിട്ടുള്ളത് എന്നു വ്യക്തമല്ല. ഇവർക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനുമുൻപ് അർഹതാമാനദണ്ഡങ്ങളും മുൻഗണനാമാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിരുന്നില്ല.

4. മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലയുമായി ബന്ധപ്പെട്ട് 13-12-2018ൽ കൂടിയ വികസന സെമിനാർ 20000/-രൂപ മാത്രമാണ് ഈ പ്രോജക്ടിന് വകയിരുത്തിയിരുന്നത്. എന്നാൽ പ്രോജക്ടിൽ കൂടുതൽ തുക വകയിരുത്തിയതെന്തുകൊണ്ട് എന്നു വിശദീകരിച്ചില്ല.

5. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതുസംബന്ധിച്ച് വിശദീകരണം നൽകണമെന്നു കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/27.3.2021) നല്കിയ മറുപടിയിൽ തൃപ്തികരമായ വിശദീകരണമല്ല നൽകിയത്.

1-18 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിനു സബ്സിഡി പൂർണ്ണമായി വിതരണം ചെയ്തില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിനു സബ്സിഡിനൽകൽ എന്ന പ്രോജക്ടിന് വികസനഫണ്ട് 25000/-രൂപയും ബ്ലോക്ക് വിഹിതം 25000/-രൂപയും ഉൾപ്പെടെ 50000/- രൂപ വകയിരുത്തിയിരുന്നു. പ്രോജക്ട് നടത്തിപ്പിനായി ബിൽ നം.1/21-8-2019 പ്രകാരം 25000/-രൂപയും ബ്ലോക്ക് വിഹിതം ചെക്ക് നം. 574394/29-10-2019പ്രകാരം 10835/-രൂപയും പിൻവലിച്ച് 8 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വലിയതുറ ക്ഷീരോത്പാദക

സഹകരണ സംഘത്തിൽ പാൽ അളക്കുന്ന എട്ട് ഗുണഭോക്താക്കൾക്ക് 2019 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിൽ പാൽ അളന്നതിനുള്ള സബ്സിഡിയാണ് നൽകിയിട്ടുള്ളത്. ഈ കാലയളവിൽ 10294 ലിറ്റർ പാൽ അളന്നതായി കാണുന്നു. ലിറ്ററിന് 4 രൂപ പ്രകാരം 41176/- നല്കാമെങ്കിലും 35835/- മാത്രമാണ് നൽകിയത്. മാത്രമല്ല മറ്റ് മാസങ്ങളിലെ പാൽ അളന്നതിനുള്ള സബ്സിഡി നൽകിയതായും കാണുന്നില്ല.

പഞ്ചായത്ത് 24 ഗുണഭോക്താക്കളെ അംഗീകരിച്ചിരുന്നെങ്കിലും 8 ഗുണഭോക്താക്കൾക്കുമാത്രമാണ് സബ്സിഡി വിതരണം ചെയ്തിട്ടുള്ളത്. ഈ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മറ്റിയോ പഞ്ചായത്ത് കമ്മറ്റിയോ ചർച്ചചെയ്തതായി കാണുന്നില്ല. മാത്രമല്ല നിർവ്വഹണ ഉദ്യോഗസ്ഥ ഈ കമ്മറ്റികളിൽ പങ്കെടുത്ത് ചർച്ച നടത്തിയിട്ടില്ല. ഈ മേഖലയിലെ പുരോഗതിക്കായി ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-19 മെഡിക്കൽ ഓഫീസർ ആയുർവേദം - സാമ്പത്തിക വർഷാവസാനം പ്രോജക്ട് ആരംഭിച്ചു.. പൂർത്തീകരിക്കാനായില്ല.

| | |
|---|---|
| പ്രൊജക്ട് | വയോജനങ്ങൾക്ക് യോഗ പരിശീലനം |
| പ്രൊജക്ട് നം | 155/2019-20 |
| അടങ്കൽ | വികസന ഫണ്ട്-<br>1,50,000/-രൂപ |
| ചെലവ് | 6,000/-രൂപ |
| ബിൽ നം. | 60/19-20/23.03.20 60,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 07.12.2018 ലെ യോഗത്തിൽ യോഗ പരിശീലന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയുണ്ടായി. തുടർന്ന് വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങളോ മോണിറ്ററിംഗോ ഈ വിഷയത്തിൽ ഉണ്ടായിട്ടില്ല. സാമ്പത്തിക വർഷത്തിൻെറ അവസാനത്തിൽ മാർച്ച് മാസം ആകെ 15 ദിവസത്തെ ക്ലാസ്സ് മാത്രമാണ് ഈ പദ്ധതിയിൽ നടപ്പിലാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (കൈ)നം.11/2018/ത.സ്വ.ഭ.വ., തീ.29.01.2018 ഖണ്ഡിക 13 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവഹണ ഉദ്യാഗസ്ഥനും ഭരണ സമിതിക്കും സമർപ്പിക്കണം. ഈ ഉത്തരവാദിത്തങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കാത്തതിനാൽ ആണ് പദ്ധതികളുടെ നടത്തിപ്പിൽ കാലതാമസവും പരാജയവും സംഭവിക്കുന്നതെന്ന് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിൻെറയും മിനട്ട്സുകൾ പരിശോധിച്ച് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-20 രേഖകൾ സൂക്ഷിക്കുന്നതിലെ അപാകത.- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അവയുടെ രേഖകൾ സൂക്ഷിക്കുന്നത് പ്രോജക്ട് അടിസ്ഥാനത്തിൽ ആയിരിക്കണം. അതായത് എല്ലാ പ്രോജക്ടുകളുടെയും ബില്ലുകളും അനുബന്ധ രേഖകളും ഒരുമിച്ച് ഫയൽ ചെയ്ത് ഹാജരാക്കിയിരിക്കുന്നത് പരിശോധനയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഓരോ പ്രോജക്ടും പ്രത്യേകം ഫയൽ ചെയ്ത് സൂക്ഷിക്കുന്നത് ഉചിതമായിരിക്കും.

## 1-21 പേവിഷബാധ നിയന്ത്രണം അപാകതകൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വളർത്തു നായകൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത് -പ്രോജക്ട് നം. S 038/20. ഇതിനായി വികസനഫണ്ട് 7200/-രൂപ വകയിരുത്തുകയും ബിൽ നം.9/22-2-2020 പ്രകാരം 7200/-രൂപ പിൻവലിച്ച് താഴെ പറയുന്ന കാര്യങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി.

| ക്രമ നം. | ചെലവ് ഇനം | തുക |
|---|---|---|
| 1 | പ്രിന്റിംഗ് | 850 |
| 2 | ക്യാമ്പുകളിൽ ജീവനക്കാരെ കൊണ്ടുപോയ ഓട്ടോകൂലി | 1550 |
| 3 | വണ്ടി വാടക -പബ്ലിസിറ്റി | 1700 |
| 4 | പബ്ലിസിറ്റി | 600 |
| 5 | സൗണ്ട് | 2500 |
| | ആകെ | 7200 |

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയ്ക്ക് വിശദീകരണം നൽകിയില്ല.

1. ഗുണഭോക്താക്കളിൽ നിന്നും ഫീസ് ഈടാക്കിയിരുന്നതായുള്ള രേഖകൾ ഹാജരാക്കിയില്ല.

2. എത്ര നായകൾക്ക് കുത്തിവയ്പ്പ് എടുത്തു എന്നുള്ള രേഖകൾ ഹാജരാക്കിയില്ല.

3. കുത്തിവയ്പ്പ് നൽകപ്പെട്ട നായകൾക്കെല്ലാം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിരുന്നതാണോ എന്നുള്ള രേഖകൾ ഹാജരാക്കിയില്ല.
ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം.12/24.3.21 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടി തൃപ്തികരമല്ല.

## 1-22 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ

1.

| | |
|---|---|
| പ്രൊജക്ട് | കുറ്റിക്കുരുമുളക വിതരണം |
| പ്രൊജക്ട് നം | 125/2019-20 |
| അടങ്കൽ | പൊതുവിഭാഗം വികസന ഫണ്ട്-50000/-രൂപ |
| ചെലവ് | 50000/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കൃഷിഭവൻ, ചെല്ലാനം. |
| ബിൽ നം./ തീയതി | 1/2019-20 / 16.12.2019 |

മേൽ പ്രോജക്ടിനായി 438 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 220 പേർക്കാണ് കുരുമുളക് തൈകൾ വിതരണം ചെയ്തിരിക്കുന്നത്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻെറ ഇൻവോയ്സ് നം. E 238/ 19-20 Dt/ 05.11.19 പ്രകാരം 100/- രൂപ നിരക്കിൽ 500 തൈകൾ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. 500 തൈകൾ 220 പേർക്ക് എത്ര വീതം വിതരണം ചെയ്തു എന്നതും 438 പേരുടെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് 218 പേരെ എന്തുകൊണ്ട് ഒഴിവാക്കി എന്നതും ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11 ന് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് 438 പേർക്കും അറിയിപ്പ്നൽകിയിട്ടും 220 പേർ മാത്രമാണ് തൈകൾ കൈപ്പറ്റുവാനായി എത്തിച്ചേർന്നത് എന്നും അവരുടെ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ തൈകൾ അധികമായി നൽകുകയും ചെയ്തു എന്നുമാണ്. 100% സബ്സിഡി നിരക്കിൽ നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാക്കേണ്ടിയിരുന്നതാണ്. പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ താല്പര്യം കാണിക്കേണ്ടതും പ്രോജക്ട് നിർവഹണത്തിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ നിർവഹണ ഉദ്യാഗസ്ഥർ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് മിനിട്ട്സിലും ഫയലിലും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

2.

| | |
|---|---|
| പ്രൊജക്ട് | ഇടവിളകൃഷി വികസനം |
| പ്രൊജക്ട് നം | 51/19-20 |
| അടങ്കൽ | പൊതുവിഭാഗം വികസന ഫണ്ട്- 60,000/-രൂപ |
| ചെലവ് | 60,000/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കൃഷിഭവൻ, ചെല്ലാനം. |
| ബിൽ നം./ തുക | 9/2019-20 / 54375/-<br>5625/- ഗുണഭോക്തൃവിഹിതം |

ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 17 പേർക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 75 പേർക്ക് ട്യൂബർ കിറ്റ് നൽകിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് ഫയലിൽ വ്യക്തമല്ല. ഇത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 ന് 27.03.21ൽ നൽകിയ മറുപടിയിൽ ആദ്യ ഗുണഭോക്തൃ ലിസ്റ്റിലെ 5 പേർ മാത്രമാണ് ആനുകൂല്യം കൈപ്പറ്റാൻ എത്തിയത് എന്നാണ്. ബാക്കി 70 പേരെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിരിക്കുന്നതായും അറിയിച്ചു. മേൽ രണ്ട് പ്രോജക്ടുകളിലും ആദ്യ ഗുണഭോക്തൃ ലിസ്റ്റും യഥാർഥത്തിൽ ആനുകൂല്യം ലഭിച്ചവരുമായി വലിയ വ്യത്യാസം കാണുന്നു.

അഡീഷണൽ ലിസ്റ്റ് പ്രകാരം ആനുകൂല്യം നൽകുമ്പോൾ ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതും വിതരണ രജിസ്റ്ററിൽ ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ, ആനുകൂല്യത്തിൻെറ വിവരങ്ങൾ (ഉദാ. ഒരാൾക്ക് എത്ര എണ്ണം വീതം നൽകി) എന്നിവ രേഖപ്പെടുത്തേണ്ടതുമാണ്. പ്രോജക്ട് നിർവഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് ഉറപ്പാക്കുകയും നവമാധ്യമങ്ങളുടെ പ്രയോജനം ഉപയോഗപ്പെടുത്തേണ്ടതുമാണ്. കൃഷി വർക്കിംഗ് ഗ്രൂപ്പ് 03.10.2018 ൽ 2019-20 ലെ പദ്ധതി രൂപീകരണത്തിനായി യോഗം ചേർന്നതൊഴികെ 2019-20 ലെ പദ്ധതി നിർവഹണത്തിനായി യോഗങ്ങളൊന്നും ചേർന്നിട്ടില്ല.

<u>1-23 മെഡിക്കൽ ഓഫീസർ പി.എച്ച്. സി. ചെല്ലാനം നിർവഹണം നടത്തിയ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.</u>

| | |
|---|---|
| പ്രൊജക്ട് | പി.എച്ച്. സി. കൾക്ക് മരുന്ന വാങ്ങൽ |
| പ്രൊജക്ട് നം | 121/2019-20 |
| അടങ്കൽ | മെയ്ൻറനൻസ് ഫണ്ട്-<br>1000000/-രൂപ |
| ചെലവ് | 1000000/-രൂപ |
| ബിൽ നം. | 7/19-20/16.12.19- 200,000/-<br>9/19-20/18.12.19- 800,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

പി.എച്ച്. സി. കൾക്ക് മരുന്ന വാങ്ങൽ പ്രോജക്ടിനായി പത്തു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 7,98,740/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. ബാക്കി 2,01,260/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

<u>1-24 മൃഗാശുപത്രിയിലേക്ക് മൈക്രോസ്കോപ്പ് വാങ്ങൽ അപാകതകൾ</u>

പ്രോജക്ട് നം. S 049/20 നായി മെയിന്റനൻസ് ഗ്രാന്റ് 40000രൂപ വകയിരുത്തുകയും ബിൽ നം. 8/22-2-2020 പ്രകാരം 39924/-രൂപ പിൻവലിച്ച് ഇൻക്ലൈൻഡ് ബൈനോക്കുലർ മൈക്രോസ്കോപ്പ് വിത്ത്

ക്യാമറ വാങ്ങിയതിന് ഈ തുക സയൻസ് ടെക് പാലക്കാടിനു നൽകി. പ്രോജക്റ്റ് നടത്തിപ്പിൽ കണ്ട അപാകതകൾ

1. സപ്ലൈയറുമായി കരാർ വച്ചിട്ടില്ല

2. വാറണ്ടി സംബന്ധിച്ച് രേഖകളില്ല.

3. സ്റ്റോക്കിൽ എടുത്തതായി രേഖകളില്ല.

4. ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ ഓഫ് ഇൻസ്ട്രുമെന്റ് & ഏക്വിപ്മെന്റ് വാർഷികമായി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

.

1-25 തുകകൾ മുൻകൂർ നൽകുന്നത് മുൻകൂർ (അഡ്വാൻസ്) രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

കേരളോത്സവം 2019 നടത്തിപ്പിനായി 44271/- (15000+ 25000+4271) ബിൽ രജിസ്റ്റർ പ്രകാരം മുൻകൂർ നൽകിയിരിക്കുന്നതായി കാണുന്നു. മേൽ തുകകളുടെ വിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ തുകകൾ നൽകുമ്പോൾ അവ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ക്രമീകരണ വിവരങ്ങൾ യഥാസമയം ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

1-26 ടെണ്ടർ നടപടിക്ക് പകരം ക്വട്ടേഷൻ നടപടി സ്വീകരിച്ചു.

പഞ്ചായത്ത് നടപ്പാക്കിയ രണ്ട് വാങ്ങൽ നടപടികളിൽ ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതിന് പകരം ക്വട്ടേഷൻ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. പ്രൊജക്റ്റുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രൊജക്റ്റ് നം | 218/19-20 | 219/19-20 |
| പ്രൊജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കർട്ടനുകൾ | പഞ്ചായത്ത് ഓഫീസിൽ ഐ എസ് ഒ ജോലിയുമായി ബന്ധപ്പെട്ട ഇന്റീരിയർ ജോലികൾ |
| അടങ്കൽ | തനത് ഫണ്ട് - 100000/- | തനത് ഫണ്ട് - 100000/- |
| ചെലവ് | 99986/- | 78175/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

മേൽ പ്രൊജക്റ്റുകളുടെ വാങ്ങൽ നടപടി ക്വട്ടേഷൻ രീതിയിലൂടെ നടപ്പാക്കിയിട്ടുള്ളതായാണ് ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം വ്യക്തമാകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 പ്രകാരം 25000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടർ നടപടിയിലൂടെയാണ് നടത്തേണ്ടത്. അതിനായി ടെണ്ടർ നോട്ടീസ് തയ്യാറാക്കേണ്ടതും അംഗീകൃത കരാറുകാർക്ക് ടെണ്ടർ രേഖകൾ നൽകി ടെണ്ടർ സമർപ്പണത്തിന് 14 ദിവസത്തെ സമയം അനുവദിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകത സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 23.03.2021 ന് ഓഡിറ്റ് എൻക്വയറി (നം 7) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കൂടാതെ താഴെ പറയുന്ന രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല.

1. ക്വട്ടേഷൻ അംഗീകരിച്ച കമ്മറ്റി തീരുമാനം

2. കരാറുകാർക്ക് തുക അനുവദിച്ച ചെക്ക് നം.

3.മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട്.

മേൽ കാര്യങ്ങൾ പരിശോധിച്ച് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 ദുരന്ത നിവാരണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികമായി ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച നടപ്പാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 1-12-19 ലെ സ.ഉ. 156/19, 14-1-2020ലെ സ.ഉ.14/20 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 2019/20ൽ ഇതുമായി ബന്ധപ്പെട്ട് കാര്യമായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

ദുരന്ത നിവാരണ പദ്ധതിക്കായി ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, മാനേജ്മെന്റ് എന്നീ ലക്ഷ്യങ്ങൾക്കായി പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഇതിലേക്കായി ലഭ്യമായതും ചെലവായതുമായ തുകയുടെ കണക്കുകൾ തുടങ്ങിയവ പരിശോധനക്ക് ഹാജരാക്കിയില്ല. ഒപ്പം ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നിവയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് ഹാജരാക്കിയില്ല. ദുരന്തനിവാരണ പദ്ധതി തയ്യാറാക്കൽ, പ്രതികരണ ടീം രൂപീകരിക്കൽ, പരിശീലനം നൽകൽ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ എന്നിവയുമായിട്ടുള്ള പ്രവർത്തനവിവരങ്ങൾ നടത്തിയിട്ടില്ല.

ചെല്ലാനം ഗ്രാമ പഞ്ചായത്തിൽ കടൽക്ഷോഭമാണ് പ്രധാന ദുരന്തകാരണം. ദുരന്തത്തിന്റെ ആഘാതം കിറക്കുന്നതിനാവശ്യമായ സുസ്ഥിര ഇടപെടലുകൾ ഉൾപ്പെടുന്ന പ്രോജക്ടുകൾ, സ്വാഭാവിക അതിരുകൾ ബലപ്പെടുത്തുന്നതിനും ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ പ്രതികൂലമായി ബാധിക്കുന്ന തടസ്സങ്ങൾ ഇല്ലാതാക്കുന്നതിനും ദുരന്താഘാതം പരമാവധി കുറക്കുവാൻ കഴിയുന്ന തരത്തിൽ വിളകൾക്കും കന്നുകാലികൾക്കും സംരക്ഷണം ഉറപ്പാക്കുന്ന വിധത്തിൽ ഉള്ള പ്രോജക്ടുകളും നടപ്പാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. 2020/21ലേക്ക് പഞ്ചായത്ത് ദുരന്തനിവാരണ ആസൂത്രണ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഈ മേഖലയിലെ ശക്തമായ ചുവട് വെയ്പാണ്.

## 1-28 സോളാർ പാനൽ സ്ഥാപിക്കൽ - നിർവ്വഹണത്തിലെ അപാകതകൾ

പഞ്ചായത്ത് നടപ്പാക്കിയ സോളാർ പാനൽ സ്ഥാപിക്കൽ പ്രൊജക്ടിന്റെ നിർവ്വഹണ വിവരങ്ങൾ അപൂർണ്ണമാണ്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 23/19, 162/20 |
| പ്രൊജക്ടിന്റെ പേര് | കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് സോളാർ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ | പ്രൊജക്ട് നം - 23/19, 1314000/- |
| | പ്രൊജക്ട് നം - 162/20 , 840413/- (ആദ്യ അടങ്കൽ ചെലവ് കിഴിച്ച്) |
| അംഗീകാരം | പ്രൊജക്ട് നം - 23/19, F – 2020/18/DDP/EKM/20.12.2018, DDP |
| | പ്രൊജക്ട് നം - 162/20 |
| ചെലവ് | പ്രൊജക്ട് നം - 23/19, 473587, ട്രഷറി ബിൽ നം - 104/26.03.2019 |
| | പ്രൊജക്ട് നം - 162/20 , 473587, ട്രഷറി ബിൽ നം - 1/16.05.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സോളാർ പാനൽ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി 6.4.2018/2(7) പ്രകാരം തീരുമാനമെടുക്കുകയും പ്രൊജക്ട് നിർവ്വഹണത്തിനായി കെൽട്രോണിനെ തിരഞ്ഞെടുക്കുകയും ചെയ്തു. കെൽട്രോൺ 7.9.2018 ൽ MKTG/KCASOLAR/SP 411/18-19 B പ്രകാരം 947175/- രൂപയുടെ പ്രൊജക്ട് എസ്റ്റിമേറ്റ് സമർപ്പിച്ചു. എസ്റ്റിമേറ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| Sl No | Item | Amount |
|---|---|---|
| 1 | Supply, Installation, Testing And Commissioning Of 10 KW GRID TIED Solar Power Plant Without Battery, Including Solar PV Modules, Solar Inverter, Structures, Cables And Other Electrical. | 747375 |
| 2 | Electrical Inspectorate Approval(Supply+Labour) For 10 KW GRID TIED Solar Power Plant | 199800 |
| | Grand Total | 947175 |

KSEB യുടെ അപേക്ഷാ ഫീസ് (1000/- രൂപ), രജിസ്ട്രേഷൻ ഫീസ് (10000/- രൂപ) എന്നിവ പഞ്ചായത്ത് നൽകണം.

മേൽ പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കെൽട്രോണും പഞ്ചായത്തും 11.2.2018 ന് കരാർ ഒപ്പ് വെച്ചു. പ്രൊജക്ടിന് വേണ്ടി 2018-19, 2019-20 വർഷങ്ങളിലായി 947174/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ബില്ലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം | തുക | കൈപ്പറ്റ് രസീത് നം |
|---|---|---|---|
| 1 | SLR/30/18-19/01/11.03.2019 | 373687 | BR931/29.03.2019 |
| 2 | SLR/30/18-19/02/11.03.2019 | 99900 | |
| 3 | SLR/30/18-19/03/26.03.2019 | 373687 | BR931/21.05.2019 |
| 4 | SLR/30/18-19/0 4/26.03.2019 373687 | 99900 | |
| ആകെ | | 947174 | |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.03.2021ൽ ഓഡിറ്റ് എൻക്വയറി (നം.4) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ/ ലഭ്യമാക്കാത്ത രേഖകളുടെ വിവരങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

1. പ്രൊജക്ടിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരം ലഭിച്ചതിന്റെ വിവരം, KSEB യിൽ അപേക്ഷാ ഫീസ് രജിസ്ട്രേഷൻ ഫീസ് എന്നിവ അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയില്ല.

2.പ്രൊജക്ടിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ലഭിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3. പഞ്ചായത്തും കെൽട്രോണും തമ്മിൽ ഒപ്പ് വെച്ച കരാറിലെ ക്രമ നം 8 വ്യവസ്ഥ പ്രകാരം തുക നൽകേണ്ടത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| അഡ്വാൻസ് | 50% |
| സാധനങ്ങൾ വിതരണനാന്തരം | 40% |
| പൂർത്തീകരണാനന്തരം | 10% |

എന്നാൽ കെൽട്രോണിന് 2 തവണയായാണ് തുക നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

4.പ്രൊജക്ടിന്റെ ഇൻസ്റ്റലേഷൻ/കമ്മീഷനിംഗ് കഴിഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. പ്രൊജക്ടിന്റെ നിലവിലെ അവസ്ഥയുടെ വിവരം ലഭ്യമാക്കിയില്ല.

5.കെൽട്രോണിന് തുക നൽകിയതിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട വരുമാന നികുതി റ്റി.ഡി.എസ്. (2%) ഈടാക്കിയതായി കാണുന്നില്ല.

6.മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

ഇക്കാര്യങ്ങൾ പരിശോധിക്കേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-29 പത്ര പരസ്യം - ഇളവ് ലഭ്യമായില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O(Rt) No.288/14/I&PRD Dated 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പത്രങ്ങളിൽ പരസ്യം നൽകിയപ്പോൾ ഇപ്രകാരം ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പത്രം | ബിൽ നം | തുക |
|---|---|---|---|
| 1 | ദേശാഭിമാനി | CHN2019/08/13004/13.08.2019 | 1643 |
| 2 | ദേശാഭിമാനി | CHN2019/11/124910/1.11.2019 | 5055 |
| 3 | ദേശാഭിമാനി | CHN2019/11/12789/16.11.2019 | 5055 |
| 4 | ദേശാഭിമാനി | CHN2019/12/130612/2.12.2019 | 5898 |
| 5 | ദേശാഭിമാനി | CHN2019/11/129295/24.11.2019 | 2528 |
| 6 | ദേശാഭിമാനി | CHN2019/11/129237/24.11.2019 | 4213 |
| 7 | ദേശാഭിമാനി | CHN2019/12/133185/18.12.2019 | 2528 |
| 8 | ദേശാഭിമാനി | CHN2020/01/135508/11.1.2020 | 3370 |
| 9 | ദേശാഭിമാനി | CHN2020/02/139329/6.2.2020 | 2528 |
| 10 | ദേശാഭിമാനി | CHN2020/01/137937/26.1.2020 | 4213 |
| 11 | ദേശാഭിമാനി | CHN2020/01/138516/30.1.2020 | 2528 |
| 12 | ദേശാഭിമാനി | CHN2020/02/140890/19.2.2020 | 3370 |
| 13 | ദേശാഭിമാനി | CHN2020/03/143943/4.1.2020 | 1685 |
| ആകെ | | | 44614 |

പ്രൊജക്ട് നം 01/20 പ്രകാരമുള്ള പദ്ധതി രൂപീകരണ പ്രൊജക്ടിന്റെ ഭാഗമായുള്ള പത്രപരസ്യങ്ങളുടെ വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇതര ടെണ്ടർ നടപടികളുടെ ഭാഗമായി മലയാള മനോരമ പത്രം മുതലായവയിൽ നൽകിയ പരസ്യങ്ങൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമായിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 23.03.21 ന് ഓഡിറ്റ് എൻക്വയറി ( നം.8) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ പത്രപരസ്യങ്ങൾ നൽകുമ്പോൾ ഡിസ്കൗണ്ട് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ജി എസ് റ്റി നൽകിയതിൽ അപാകത

പഞ്ചായത്ത് കെ.എസ്.ഇ.ബി. യുമായി ചേർന്ന് സ്ട്രീറ്റ് ലൈൻ പോസ്റ്റ് ഷിഫ്റ്റിംഗ്, തെരുവ് വിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രൊജക്ടുകൾ ചെയ്തിട്ടുണ്ട്. പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം | 09/20 | 275/20 |
| പ്രൊജക്ടിന്റെ പേര് | തെരുവ് വിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ | സ്ട്രീറ്റ് ലൈൻ പോസ്റ്റ് ഷിഫ്റ്റിംഗ് |
| അടങ്കൽ | പൊതുവിഭാഗം - 1167077/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-2217194/-<br>ആകെ - 3384271/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-205891/- |
| ചെലവ് | 1604789/-<br>ട്രഷറി ബിൽ നം<br>(1)5/19-20 /23.07.2019<br>(2)8/19-20 /23.07.2019<br>(3)9/19-20 /23.07.2019<br>(4)10/19-20 /23.07.2019 | 205891/-<br>ട്രഷറി ബിൽ നം<br>(1)6/19-20 /23.07.2019<br>(2)7/19-20 /23.07.2019<br>(3)26/19-20 /6.09.2019<br>(4)28/19-20 /6.09.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

കെ എസ് ഇ ബി പഞ്ചായത്തിന് ലഭ്യമാക്കിയ ഒരു എസ്റ്റിമേറ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

എസ്റ്റിമേറ്റ് നം - DB/PPS/KNLY/2019-20/9.10.2019

| | |
|---|---:|
| സാധനങ്ങളുടെ വില | 25126.38 |
| സ്റ്റോറേജ് മുതലായവ | 4020.22 |
| സൂപ്പർവിഷൻ ചാർജ് | 1692.60 |
| ജി എസ് റ്റി മുതലായവ | 9075.00 |
| ലേബർ ചാർജ് | 16926.00 |
| ആകെ | 56840.20 |

ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുകയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭാരത സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 (Central Tax Rate) പ്രകാരം പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള സേവനങ്ങൾക്ക് ജി.എസ്.ടി നൽകേണ്ടതില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

Sl.No.5 Chapter 99 പ്രകാരം (Services By A Government(Central Government, State Government, Union Territory, Local Self Government) Or Goverment Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution- Tax Rate -Nil).

നിയമപ്രകാരം ബാധ്യതയില്ലാത്ത നികുതി നൽകിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് 23.03,2021 ന് ഓഡിറ്റ് എൻക്വയറി (നം.4) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ കാര്യം പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ടെണ്ടർ കുറവ്, ഐ റ്റി എന്നിവ കുറവ് വരുത്തിയില്ല – 34641 രൂപ അധികം നൽകി

പഞ്ചായത്ത് നടപ്പാക്കിയ വിവിധ വൈദ്യുതീകരണ പ്രൊജക്ടുകളുടെ ബില്ലിൽ നിന്ന് ടെണ്ടർ കുറവ്, ഐ.റ്റി. എന്നിവ കുറവ് വരുത്തിയതായി കാണുന്നില്ല. പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം | SO296/20 | SO297/20 |
| പ്രൊജക്ടിന്റെ പേര് | അംഗൻവാടികളുടേയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടേയും വൈദ്യുതീകരണം | ചെല്ലാനം പി എച്ച് സി 3 ഫേസ് ആക്കുന്നതിനുള്ള വൈദ്യുതീകരണം |
| അടങ്കൽ | റോഡിതരം - 300000/- | റോഡിതരം - 82000/- |
| ചെലവ് | 77818 | - |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

ടെണ്ടർ നോട്ടീസ് നം A1-7614/19/25.01.2020 ന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് (9.8% എസ്റ്റിമേറ്റിനേക്കാൾ കുറവ്) രേഖപ്പെടുത്തിയ ശ്രീ ജേക്കബ് സാബുവിനെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയും 15.2.2020 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. പ്രൊജക്ട് നം SO296/20 ഭാഗമായി 5 പ്രവൃത്തികളും പ്രൊജക്ട് നം SO297/20 ലെ ഒരു പ്രവൃത്തിയും ഉൾപ്പെടെ 6 പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തികളുടെ എം ബുക്ക്, ബിൽ എന്നിവ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് (9.8%), നിയമാനുസൃതമുള്ള നികുതി ( റ്റി ഡി എസ് 1%) എന്നിവ കുറവ് ചെയ്തിട്ടില്ല. ഇക്കാരണത്താൽ കരാറുകാരന് 34641/- രൂപ അധികം നൽകിയതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു. (ആകെ പ്രവൃത്തി മൂല്യത്തിൽ മേൽ നോട്ട ചുമതലയുള്ള എഞ്ചിനീയർമാരുടെ വേതനം ഉൾപ്പെടാതെയുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| ക്രമ നം | പ്രവൃത്തിയുടെ പേര് | എം ബുക്ക് നം | ആകെ പ്രവൃത്തി മൂല്യം | ടെണ്ടർ കുറവ് വരുത്തേണ്ടത്. | ഐ റ്റി കുറവ് വരുത്തേണ്ടത്. | ആകെ കുറവ് വരുത്തേണ്ടത്. |
|---|---|---|---|---|---|---|
| 1 | 5-ാം വാർഡിലെ അംഗൻവാടിയിൽ വൈദ്യുതീകരണം നം.34 | IV/19-20 (SEC) | 50284 | 4928 | 503 | 5431 |
| 2 | 5-ാം വാർഡിലെ അംഗൻവാടിയിൽ വൈദ്യുതീകരണം നം.32 | III/19-20 (SEC) | 46361 | 4543 | 464 | 5007 |
| 3 | 3-ാം വാർഡിലെ പുതിയ അംഗൻവാടിയുടെ വൈദ്യുതീകരണം | V/19-20 (SEC) | 56751 | 5562 | 568 | 6130 |
| 4 | 19-ാം വാർഡിലെ PHC | VI/19- | 28344 | 2778 | 283 | 3061 |

| | | | | | | |
|---|---|---|---|---|---|---|
| | സബ്സെന്റർ വൈദ്യുതീകരണം | 20 (SEC) | | | | |
| 5 | 19-ാം വാർഡിലെ പുതിയഅംഗൻവാടിയുടെ വൈദ്യുതീകരണം നം.52 | IV/19-20 (SEC) | 86542 | 8481 | 865 | 9346 |
| 6 | ചെല്ലാനം PHC യിൽ 3 ഫേസ് ആക്കുന്നതിനുള്ള വൈദ്യുതീകരണം | I/19-20 (SEC) | 52456 | 5141 | 525 | 5666 |
| ആകെ | | | 320738 | 31433 | 3208 | 34641 |

അപാകത സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 22.03.2021 ൽ ഓഡിറ്റ് എൻക്വയറി (നം.3) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കൂടാതെ താഴെ പറയുന്ന രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയതും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1. പ്രൊജക്ട് അംഗീകാരത്തിന്റെ വിവരം.

2. കരാറുകാരനെ തിരഞ്ഞെടുത്ത പഞ്ചായത്ത് കമ്മറ്റി തീരുമാനം.

3.തുക നൽകിയതിന്റെ വിവരം( ട്രഷറി ബിൽ നം , ഓൺലൈൻ ട്രാൻസാക്ഷൻ വിവരം).

4.മോണിറ്ററിംഗ് റിപ്പോർട്ട്.

അധിക തുക നൽകിയത് കരാറുകാരനിൽ നിന്ന് ഈടാക്കി അതത് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 25,000.00 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 25000.00 | NIL |
| | 2019-20 | 3,50,000.00 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | ഇല്ല | 3,50,000.00 |
| | 2019-20 | 1,00,000.00 | പാലിയേറ്റീവ് കെയർ | 1,00,000.00 | NIL |
| ആകെ | | 4,75,000.00 | | 1,25,000.00 | 3,50,000.00 |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | | മുന്നിരിപ്പ് | | 7318999.00 |
| | 2019-20 | 458211.00 | | | |
| | 2019-20 | 1024367.00 | | | 8801577.00 |
| | | | ചേറ്റകാരി റോഡ് | 458211.00 | |
| | | | സെൻറ് ജോർജ്ജ് സ്കൂൾ | 1024367.00 | |
| | | | | 418076.00 | |
| | | | സാംസ്കാരിക നിലയം റോഡ് | 17652.00 | |
| | | | സൊസൈറ്റി ബസ് സ്റ്റോപ്പ് ആര്യത്തോട് പാലം റോഡ് | 475334.00 | |
| | | | കട്ടിക്കാട് റോഡ് പുനരുദ്ധാരണം | 466679.00 | |
| | | | കട്ടിക്കാട് റോഡ് പുനരുദ്ധാരണം | 28754.00 | |
| | | | സൊസൈറ്റി ബസ് സ്റ്റോപ്പ് ആര്യത്തോട് പാലം റോഡ് | 33045.00 | |
| | | | പട്ടാളത്ത് റോഡ് | 382935.00 | 5496524.00 |
| ആകെ | | | | 3305053.00 | 5496524.00 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | തെരുവ് വിളക്കിനായി ലൈൻ ദീർഘിപ്പിക്കൽ | 08/19-20, 09/19-20, 10/19-20 | 1604789 | 1571005 | 33784 |
| കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ പോസ്റ്റ് ഷിഫ്റ്റിംഗ് | 6/19-20, 07/19-20, 28/19-20 | 205891 | 145546 | 60345 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം

തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലൈഫ്/ഇ.കെ.എം./62/201/21.03.2019 | 7174410 | 7174410 | 2647939 | | 4526471 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6530039.00 |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | 525860.00 |
| ആകെ | 7055899.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7055899.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....) | രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, ചെല്ലാനം | 2711 | 740217 |
| 2 | | 2712 | 756362 |
| 3 | ഇ ഡി സി ബി, തോപ്പുംപടി ബ്രാഞ്ച് | 03238500000001 | 987898 |
| 4 | | 03238500000002 | 3524387 |
| 5 | | 03238500000003 | 1047035 |
| ആകെ | | | 7055899 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.7.11.2 | സഹകരണസംഘം സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കിയത് സംബന്ധിച്ച് | നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിച്ചതിനാൽ പരാമർശം ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ച വരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.11.1 | കമ്പ്യൂട്ടർ സെന്റർ നിർമ്മാണം | റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കി വരുന്നു |

4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 24,20,81,925.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 23,74,97,150.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 34,641 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 34,641 | ശ്രീമതി പി. പി. ഷീല, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3208.00 | ശ്രീമതി.പി പി ഷീല, സെക്രട്ടറി |
| ആകെ | 3208.00 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പി.പി.ഷീല. | വിരമിച്ചു. | മുല്ലൂർ ഹൗസ്, |

| | | |
|---|---|---|
| സെക്രട്ടറി | | ഏറനാട് അമ്പലത്തിന്സമീപം, പെരുമ്പടപ്പ്, പള്ളുരുത്തി പി ഒ, എറണാകുളം. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം |
|---|---|---|---|
| 1999-2000 (വരവ്) | എൽ.എഫ്.ഇ.പി.1-921/02 /7.7.2005 | 1 | 2-3 |
| 2001-02 പദ്ധതി വിഹിതം | എൽ.എഫ്.ഇ.പി.1.1162/03 /4.2.2004 | 1 | 9 |
| 2006-07 | എൽ.എഫ്.ഇ. (പി)201/10, തീ. 14.6.11 | 2 | 3(5), 3(6) |
| 2009-10 | എൽ.എഫ്.ഇ.പി.1-321 /12 /26.3.12 /3.5.12 | 5 | 2-1(2), 2-2, 3-1, 3-2, 3-3 |
| 2010-11 | എൽ.എഫ്.ഇ.പി.1-322/12 /2.4.12 /7.5.12 | 3 | 2-4, 3-1, 3-4 |
| 2012-13 | എൽ.എഫ്.ഇ. (പി.3)403/15 / 06.04.2015 | 6 | 2-1, 3(2), 3-6, 3-7, 3-8 |
| 2013-14 & 2014-15 | നം.കെ.എസ്.എ- ഇ.കെ.എം (പി.3) 960/2016/ 22.06.2016 | 4 | 3-3, 3-4, 3-5, 3-7 |
| 2015-16 | നം.കെ.എസ്.എ- ഇ.കെ.എം (പി.3)1975/2016,07.12.2016 | 6 | 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം. (പി.3)1761/2017, 21.11.2017/12.12.2017 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി.3)2193/2018, 3.12.2018/10.12.2018 | 14 | 2-2, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (പി.3) 1578/2019/3.01.2020 | 17 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-16, 3-17, 3-21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്